## III. ശ്രദ്ധക്ഷണിക്കൽ

### (1) സമഗ്ര മാനസികാരോഗ്യ പദ്ധതി

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വിദ്യാർഥികളിലുയർന്നുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ എന്ന അതീവ ഗൗരവമുള്ള വിഷയമാണ് ഞാനിവിടെ ശ്രദ്ധക്ഷണിക്കലായി അവതരിപ്പിക്കുന്നത്. ശാരീരികാരോഗ്യം പോലെ വളരെ പ്രധാനപ്പെട്ടതാണ് മാനസികാരോഗ്യവും. ആത്മഹത്യാ പ്രവണത, ഉത്കണ്ഠ, വിഷാദം, മനോവൈകല്യങ്ങൾ, കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങൾ (Behavioral Disorders), സാമൂഹ്യ മാധ്യമങ്ങളുടെ അതിപ്രസരം കാരണം അതിൽ അഡിക്ഷനായിട്ടുള്ള ഡിജിറ്റൽ അഡിക്ഷൻ തുടങ്ങി ഇന്ന് ഇവിടെ ചർച്ച ചെയ്യാൻ പോകുന്ന ലഹരിയടക്കമുള്ളത് ഒരു മാനസിക പ്രശ്നം കൂടിയാണ്. അത് വിദ്യാർഥികളിൽ വളരെയേറെ വർധിക്കുകയാണ്. ഇന്നത്തെ മാധ്യമം അടക്കമുള്ള പല പത്രങ്ങളും അക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാരണം വലിയരീതിയിൽ ആത്മഹത്യാപ്രവണത റിസ്ക് ഫാക്ടർ ഏറ്റവും കൂടുതലാണ്. കേരളത്തിൽ ആത്മഹത്യയുടെ നിരക്ക് ദേശീയ ശരാശരിയെക്കാൾ രണ്ടിരട്ടിയാണ്. ഇന്ത്യാരാജ്യത്ത് ആത്മഹത്യാ

നിരക്ക് വളരെയേറെ വർധിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ പട്ടാമ്പിയിൽ വച്ച് യൂത്ത് സമ്മിറ്റ് നടത്തിയപ്പോൾ അവിടെ കുട്ടികളുടെ വിവിധങ്ങളായ ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. മാനസിക പിന്തുണ നൽകുന്ന സംവിധാനങ്ങൾ സ്കൂളുകളിലുണ്ടാകണമെന്ന് 69 ശതമാനത്തിലധികം വരുന്ന ആളുകൾ അടിയന്തരമായി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ IMHANS (Institute of Mental Health and Neurosciences)-മായി ബന്ധപ്പെട്ട് അതിന്റെ ഡയറക്ടർ ശ്രീ. കൃഷ്ണകുമാറിനെ (ഇപ്പോൾ ജീവിച്ചിരിപ്പില്ല, അദ്ദേഹം കഴിഞ്ഞദിവസം മരണപ്പെട്ടു.) കാണുകയും 'മാനസമിത്ര' എന്ന വലിയൊരു പ്രോജക്ട് തയ്യാറാക്കുകയും ചെയ്തു. അപ്പോഴാണ് IMHANS-ന്റെ ഡയറക്ടർ പറഞ്ഞത് ഇത് പട്ടാമ്പിയിലോ പാലക്കാട് ജില്ലയിലോ മാത്രമല്ല, കേരളത്തിലാകെയുള്ള പ്രശ്നമാണ്, അത് സമ്പൂർണ്ണമായിട്ടുള്ള സമഗ്ര മാനസികാരോഗ്യ പദ്ധതി എന്ന നിലയ്ക്കാണ് നടപ്പിലാക്കേണ്ടതെന്ന്. നിലവിൽ നിരവധിയായ പദ്ധതികൾ നമ്മുടെ വിദ്യാലയങ്ങളിലുണ്ട്. ആ പദ്ധതികളൊന്നും കോ-ഓർഡിനേഷനോടുകൂടിയല്ല മുന്നോട്ടുപോകുന്നത്. അതൊരു യൂണിഫൈഡായിട്ടുള്ള മെന്റൽ ഹെൽത്ത് പ്രോഗ്രാമാക്കി, ഒരു

പ്ലാറ്റ്ഫോമാക്കി മാറ്റിയാൽ വിവിധ വകുപ്പുകളിലൂടെയുള്ള മാനസികാരോഗ്യ പദ്ധതികളെ നമുക്ക് ക്രോഡീകരിച്ച് കൊണ്ടുപോകാൻ കഴിയും. അതോടൊപ്പം ഒരു കുട്ടിക്കുണ്ടാകുന്ന പ്രശ്നമെന്താണെന്ന് വളരെ കൃത്യമായി തിരിച്ചറിഞ്ഞ് മാനസിക പ്രശ്നമാണെങ്കിൽ അത് റഫർ ചെയ്യേണ്ടിടത്ത് റഫർ ചെയ്യാൻ കഴിയുന്ന രീതിയിൽ തിരിച്ചറിയാൻ അധ്യാപകരെ പ്രാപ്തരാക്കേണ്ടതുണ്ട്. കൂടാതെ മാനസികമായി എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അതിന് ട്രീറ്റ്മെന്റ് തേടാനുള്ള, അപദ്ധ ധാരണ മാറാനുള്ള ഒരു സാഹചര്യം അവയർനസിലൂടെ കുട്ടികൾക്കും രക്ഷിതാക്കൾക്കുമുണ്ടാകേണ്ടതുണ്ട്. മാനസികാരോഗ്യത്തിന്റെ പ്രാധാന്യം അധ്യാപകർക്ക് മാത്രമല്ല, വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും മനസ്സിലാക്കുന്നതിനുള്ള സമഗ്രമായ പദ്ധതി ആവശ്യമാണ്. നിലവിൽ സ്കൂൾ കൗൺസിലർമാർ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. പലപ്പോഴും കൗൺസിലിംഗിനുള്ള സംവിധാനം പോലും വിദ്യാലയങ്ങളിലില്ല. ഈ ബഡ്ജറ്റിൽ പട്ടാമ്പി മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും കൗൺസിലിംഗ് സംവിധാനം തുടങ്ങാൻ സ്കോൾ കേരള മുഖാന്തരം അടുത്തുവന്ന 'മാനസമിത്ര' എന്ന പദ്ധതിക്ക് സൗകര്യമൊരുക്കാൻവേണ്ടി ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

എല്ലാ വിദ്യാലയങ്ങളിലും അതിനുള്ള സൗകര്യമുണ്ടാകണം. അതോടൊപ്പം കൗൺസിലർമാരുടെ സേവനം മാത്രമല്ല, ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്ക്യാട്രിസ്റ്റ് അടക്കമുള്ള മെന്റൽ ഹെൽത്ത് പ്രൊഫഷണലുകളുടെ സേവനം കുട്ടികൾക്കാവശ്യമാണെങ്കിലും പലപ്പോഴും affordable അല്ലാത്തതുകൊണ്ടും അടുത്തുണ്ടാകില്ല എന്ന കാരണംകൊണ്ടും ലഭ്യമാകാറില്ല. അതുകൊണ്ട് നിരവധിയായിട്ടുള്ള പ്രശ്നങ്ങളുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് അധ്യാപകർക്കും വിദ്യാർഥികൾക്കും നിലവിലെ കൗൺസിലിംഗ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുകയും കൂടുതൽ കൗൺസിലർമാരെ എല്ലാ വിദ്യാലയങ്ങളിലും ആനുപാതികമായി വയ്ക്കുകയും രക്ഷിതാക്കൾക്ക് പരിശീലനം നൽകിക്കൊണ്ട് സമഗ്രമായ മാനസികാരോഗ്യ പദ്ധതി എല്ലാ വിദ്യാലയങ്ങളിലും രൂപീകരിക്കുകയും വിദ്യാർഥികൾക്ക് അത്യാവശ്യമായി വരുന്ന സമയത്ത് സൈക്യാട്രിസ്റ്റിനെയോ ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെയോ അഫോർഡബിളായ രീതിയിൽ വളരെ വേഗത്തിൽ ബന്ധപ്പെടാൻ കഴിയുന്ന രീതിയിലുള്ള സാഹചര്യം ക്ലസ്റ്ററോ BRC-യോ മുഖാന്തരം ഒരുക്കാൻ കഴിയുകയും വേണം. മാനസികാരോഗ്യത്തിന്

ശാരീരികാരോഗ്യത്തിന്റെ അത്ര പ്രാധാന്യമുണ്ടെന്ന് ഉൾക്കൊണ്ടുകൊണ്ട് വിദ്യാലയത്തിൽ അങ്ങനെയുള്ള സമഗ്രമായ മെന്റൽ ഹെൽത്ത് പദ്ധതി നടപ്പിലാക്കണമെന്നാണ് പറയാനുള്ളത്. 'മാനസ മിത്ര' എന്ന പദ്ധതി നിലവിൽ സമർപ്പിച്ചിട്ടുണ്ട്. അതുകൂടി പരിശോധിച്ചുകൊണ്ട് പട്ടാമ്പി മണ്ഡലത്തിൽ ആദ്യഘട്ടമെന്ന നിലയ്ക്ക് നടപ്പിലാക്കണമെന്ന് അഭ്യർഥിക്കുന്നതോടൊപ്പം കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കി കുട്ടികളുടെ മാനസികാരോഗ്യ നില മെച്ചപ്പെടുത്തി ഇന്ന് അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന പ്ലാറ്റ്ഫോം സ്കൂളുകളിലുണ്ടാകണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സ്കൂൾ കുട്ടികളിലുള്ള മാനസികാരോഗ്യ പ്രശ്നങ്ങളുടെ വ്യാപനവും തോതും കണ്ടെത്തുന്നതിനും അത് എപ്രകാരമാണ് കൈകാര്യം ചെയ്യേണ്ടതെന്ന് മനസ്സിലാക്കുന്നതിനും അവരുടെ സുസ്ഥിതി ഉറപ്പാക്കുന്നതിനുംവേണ്ടി വിപുലമായ ഒരു പഠനം എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിൽ നടത്തുകയും റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ള കാര്യങ്ങൾ

നടപ്പാക്കുന്നതിനുള്ള നയസമീപനം എന്തായിരിക്കണമെന്ന് വിശദമാക്കുന്ന ഒരു സമീപനരേഖ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. കുട്ടികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾക്ക് കുട്ടികളെ മാത്രം കേന്ദ്രീകരിച്ചല്ല പരിഹാരം തേടേണ്ടതെന്നും കുട്ടികളുമായി ഇടപെടുന്ന മുതിർന്ന ആളുകളെ കൂടി ഭാഗഭാക്കാക്കി കൊണ്ടുവേണം ഇത്തരം പ്രശ്നപരിഹാര ശ്രമങ്ങൾ നടപ്പാക്കേണ്ടതെന്നും ഈ രേഖ പറയുന്നുണ്ട്. കോവിഡ് കാലത്ത് പൊതു വിദ്യാലയത്തിലെ കുട്ടികൾ അഭിമുഖീകരിച്ച മാനസികാരോഗ്യ സംബന്ധമായ പ്രശ്നങ്ങളെക്കുറിച്ച് പ്രത്യേകമായ പഠനവും എസ്.സി.ഇ.ആർ.ടി. സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികൾ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ വെല്ലുവിളികൾ എന്തെല്ലാമാണ്, ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത് എന്നിവ സംബന്ധിച്ച നിർദേശങ്ങളും ഈ പഠനം മുന്നോട്ടുവയ്ക്കുന്നുണ്ട്. വിദ്യാഭ്യാസത്തിൽ അക്കാദമികമായ വികാസത്തോടൊപ്പംതന്നെ സാമൂഹ്യ വൈകാരിക വികാസത്തിനും പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത ഈ പഠനം ചൂണ്ടിക്കാണിക്കുന്നുണ്ട്. എസ്.സി.ഇ.ആർ.ടി. പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള

പരിഹാര നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

നിലവിൽ ഹയർ സെക്കൻഡറി തലത്തിൽ കുട്ടികളുടെ മാനസികാരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനുംവേണ്ടി 'സൗഹൃദ' എന്ന പേരിൽ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ കോ-ഓർഡിനേറ്റർമാരായ അധ്യാപകർക്ക് വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഹൈസ്കൂൾ തലത്തിലുള്ള കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങളെ മാനേജ് ചെയ്യുന്നതിനുവേണ്ടി സ്കൂളുകളിൽ വനിതാ ശിശുവികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കൗൺസിലർമാരുടെ സേവനം ലഭ്യമാകുന്നുണ്ട്. കൂടാതെ എല്ലാ അധ്യാപകരേയും പ്രൈമറി കൗൺസിലിംഗിനുള്ള പ്രാപ്തിയുള്ളവരാക്കുകയും കുട്ടികൾക്ക് ഗൈഡൻസ് നൽകാനുള്ള ശേഷിയുണ്ടാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിലുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്. എന്നാൽ വിവിധ ഏജൻസികൾ ഇടപെടുന്ന ഈ മേഖലയിൽ ഏകോപനമുണ്ടാക്കുക ഒരു വെല്ലുവിളിയാണ്.

"ക്രിയാത്മ കൗമാരം - കരുത്തും കരുതലും" എന്ന പദ്ധതി പൊതു വിദ്യാലയങ്ങളിലെ ഒൻപതാം ക്ലാസിലെ കുട്ടികളെ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നുണ്ട്. കൗമാര കാലത്തെ ശാരീരിക മാനസിക വൈകാരിക സാമൂഹിക വികാസത്തെക്കുറിച്ച് ധാരണ രൂപപ്പെടുത്തുക, സ്വന്തം ശക്തി ദൗർബല്യങ്ങളെ തിരിച്ചറിഞ്ഞ് വെല്ലുവിളികളെ അതിജീവിക്കാനുള്ള ജീവിത നൈപുണികൾ സ്വായത്തമാക്കുക എന്നിവയാണ് പദ്ധതികൊണ്ട് പ്രധാനമായും ലക്ഷ്യമിടുന്നത്. ഈ മേഖലയിൽ അധ്യാപകർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി 'നന്മ പൂക്കുന്ന നാളേയ്ക്ക്' എന്ന പേരിൽ ഹാൻഡ് ബുക്കുകളും എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ആദ്യഘട്ടത്തിൽ അധ്യാപകർ തന്നെ ഇടപെടുകയും ആവശ്യമായ സമയങ്ങളിൽ കൗൺസിലർമാരുടെ സഹായം തേടുകയും ചെയ്യുക എന്നതാണ് നിലവിലെ രീതി. കൗൺസിലർമാർ ആവശ്യമായ ഘട്ടങ്ങളിൽ വനിതാ ശിശുവികസനവകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പാരന്റൽ ക്ലിനിക്കുകളുടെയും സൈക്കോളജിസ്റ്റുകളുടെയും സഹായം തേടുകയും ചെയ്യുന്നു. നിലവിൽ എല്ലാ സ്കൂളുകളിലും കൗൺസിലർമാരുടെ സേവനം ലഭ്യമാക്കാൻ

കഴിയുന്നില്ലെന്ന പരിമിതിയുണ്ട്. മുഴുവൻ അധ്യാപകരെയും ഒരു പ്രാഥമിക കൗൺസിലർമാർ എന്ന നിലയിൽക്കൂടി പ്രവർത്തിക്കാൻ കഴിയത്തക്ക രീതിയിൽ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ ആലോചിച്ചുവരുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, അധ്യാപകരെ പ്രാപ്തരാക്കുന്നതോടൊപ്പംതന്നെ നിലവിൽ എല്ലാ സ്കൂളുകളിലും ആനുപാതികമായി കൗൺസിലർമാരെക്കൂടി നിയമിക്കാനുള്ള ഒരു സമീപനമുണ്ടാകണം. എറണാകുളം ഗ്ലോബൽ പബ്ലിക് സ്കൂളിൽ കഴിഞ്ഞ ദിവസം നടന്ന ഒരു കുട്ടിയുടെ മരണത്തിനിടയാക്കിയ ദാരുണമായ സംഭവം നമുക്കെല്ലാവർക്കുമറിയാം. സ്കൂൾ മാനേജ്മെന്റുപോലും ഇത്തരം കാര്യങ്ങൾ മൂടിവയ്ക്കുന്ന ഒരു സാഹചര്യമുണ്ടാകുന്നുണ്ട്. ഇതുപോലുള്ള സംഭവങ്ങൾ ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ കഴിയുന്നത്?

ശ്രീ. വി. ശിവൻകുട്ടി: സർ, ഈ അടുത്ത കാലത്തായി അപൂർവം ചില സ്കൂളുകളിലെങ്കിലും നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ പരിശോധിക്കുമ്പോൾ സ്കൂൾ കുട്ടികളിലുണ്ടാകുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന കൊടുക്കേണ്ടതുണ്ട്. ഹെഡ്മാസ്റ്ററെയും അധ്യാപകരെയും സഹപാഠികളെയും

ആക്രമിക്കുക, ആത്മഹത്യാ ശ്രമങ്ങൾ എന്നിവ വർധിച്ചുവരുന്നുണ്ട്. ഏറ്റവും ഒടുവിൽ എറണാകുളം തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂളിൽ നടന്ന സംഭവങ്ങൾ വളരെ ഗൗരവമുള്ളതാണ്. സഹപാഠികളുടെ പീഡനങ്ങൾക്ക് ഇരയായ മിഹിർ അഹമ്മദ് എന്ന ഒമ്പതാം ക്ലാസ്സ് വിദ്യാർഥി ജീവനൊടുക്കിയെന്ന വാർത്ത നമ്മെ ഏവരെയും ഞെട്ടിപ്പിക്കുന്നതാണ്. പ്രാഥമിക അന്വേഷണത്തിൽ സ്കൂൾ അധികൃതരുടെ വീഴ്ച കണ്ടെത്തിയിട്ടുണ്ട്. സി.ബി.എസ്.ഇ. സ്കൂൾ ആണെങ്കിലും അതോടൊപ്പം കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ ഇന്റർനാഷണൽ സിലബസും ഈ സ്കൂളിൽ പഠിപ്പിക്കുന്നുണ്ട്. ഇന്ന് സംസ്ഥാനത്തും കേന്ദ്രത്തിലും നിലനിൽക്കുന്ന നിയമമനുസരിച്ച് ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണമെങ്കിൽ സംസ്ഥാന സർക്കാരിന്റെ അംഗീകാരം ആവശ്യമാണ്. അങ്ങനെ അനുവാദം വാങ്ങാതെ വൻ ഫീസ് ഈടാക്കിയും നിലവിലുള്ള വിദ്യാഭ്യാസ നിയമങ്ങൾ പാലിക്കാതെയും നടത്തുന്ന നിരവധി സ്കൂളുകൾ സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്കൂളുകൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. എറണാകുളം തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂളിന്

എൻ.ഒ.സി. ലഭിച്ചിട്ടില്ല. രേഖകൾ ഹാജരാക്കാൻ വേണ്ടി ആവശ്യപ്പെട്ടിരിക്കുകയാണ്. മതിയായ രേഖകൾ ഹാജരാക്കുന്നില്ലെങ്കിൽ വിപുലമായ അന്വേഷണം നടത്തുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

## 2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ്/തൊഴിൽ സുരക്ഷാ പദ്ധതികൾ

ശ്രീ. സി. ആർ. മഹേഷ്: സർ, കേരളത്തിലാകമാനം സാധാരണക്കാരായ ലക്ഷക്കണക്കിന് തൊഴിലുറപ്പ് തൊഴിലാളികൾ അനുഭവിക്കുന്ന സങ്കടകരമായ തൊഴിൽ പ്രശ്നങ്ങൾ ഞാൻ ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. ഈ ശ്രദ്ധക്ഷണിക്കൽ നോട്ടീസ് കൊടുത്തതിനുശേഷം ഇന്നത്തെ മാതൃഭൂമി പത്രത്തിൽ 'തൊഴിലുറപ്പിൽ കൊഴിഞ്ഞുപോക്ക്: കാരണം തേടി കേരളം' എന്ന വാർത്ത വന്നിരിക്കുകയാണ്. ഈ വർഷം മാത്രം 1,86,000 തൊഴിലുറപ്പ് തൊഴിലാളികൾ ഈ മേഖലയിൽനിന്നും കൊഴിഞ്ഞുപോയതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കുറഞ്ഞ വേതനവും കേന്ദ്ര ഗവൺമെന്റിന്റെ

കടുത്ത നിബന്ധനകളുമാണ് ഇതിന് കാരണമായി പറയുന്നത്. മൺമറഞ്ഞ ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി മൻമോഹൻ സിങ് പാവങ്ങളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി ആരംഭിച്ച സമാനതകളില്ലാത്ത ദൈവത്തിന്റെ സ്വന്തം പദ്ധതിയെന്ന് വിശേഷിപ്പിച്ചാൽ അതിശയോക്തിയില്ലാത്ത തൊഴിലുറപ്പ് പദ്ധതിയിൽ ലക്ഷക്കണക്കിന് ആളുകളാണ് തൊഴിലെടുത്ത് ജീവിക്കുന്നത്. കാടും പടർപ്പും ചപ്പുചവറുകളും മറ്റും നിറഞ്ഞ പറമ്പുകളും വഴിയോരങ്ങളും തോടുകളുടെയും നദികളുടെയും വശങ്ങളും വൃത്തിയാക്കുകയും മറ്റ് അപകടകരമായ സ്ഥലങ്ങളിൽ തൊഴിലെടുക്കുകയും ചെയ്യുന്ന തൊഴിലാളികൾ പാമ്പിന്റെയും മറ്റ് വിഷജന്തുക്കളുടെയും കടിയേറ്റും കടന്നലാക്രമണവും കൂടാതെ അപകടങ്ങളിൽപ്പെട്ടും കുഴഞ്ഞുവീണും മരിക്കുന്നതും പരിക്ക് പറ്റുന്നതും നിത്യസംഭവമായി മാറിയിരിക്കുകയാണ്. ഇതിൽ മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് വെറും 75,000/- രൂപയും ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് വെറും 30,000/- രൂപയുമാണ് നൽകുന്നത്. അപകടംമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും കുറഞ്ഞത് ഒരു ലക്ഷം രൂപ

ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ തൊഴിലിടത്തിൽ മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം പത്ത് ലക്ഷം രൂപയായും ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് 30,000/- രൂപയ്ക്ക് പകരം ഒരു ലക്ഷം രൂപയായും ഉയർത്തണം. ഈ മേഖലയിൽ പണിയെടുക്കുന്നവരിൽ കൂടുതൽ പേരും പ്രായമുള്ളവരും നിരവധി അസുഖങ്ങളും ശാരീരിക ബുദ്ധിമുട്ടുകളും അനുഭവിക്കുന്നവരുമാണ്. അതുകൊണ്ടുതന്നെ അപകട മരണങ്ങളും സ്വാഭാവിക മരണങ്ങളും സംഭവിക്കാൻ സാധ്യത കൂടുതലാണ്. കേരളത്തിലാകമാനം 25 ലക്ഷത്തിൽപ്പരം തൊഴിലാളികളാണ് തൊഴിലുറപ്പ് പദ്ധതിമൂലം ഉപജീവനം നടത്തുന്നത്. നിത്യവൃത്തിക്ക് നിർവാഹമില്ലാത്തവരും നിരാലംബരും നിരാശ്രയരും നിരവധി രോഗങ്ങളുള്ളവരുമാണ് ഇവരിൽ പലരും. ഇവരുടെ ക്ഷേമത്തിനായി തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുമെന്ന് സർക്കാർ പറഞ്ഞെങ്കിലും നാളിതുവരെ അത് നടപ്പാക്കിയിട്ടില്ല. തൊഴിൽ സുരക്ഷയ്ക്കായി ഇവർക്ക് ഗം ബൂട്ട്, ഗ്ലൗസ്, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നീ സുരക്ഷാ ഉപകരണങ്ങൾ നൽകണമെന്ന് സർക്കാർ ഉത്തരവുണ്ട്. ഒരു വർഷം ഈ ഇനത്തിൽ പഞ്ചായത്ത് 75,000/- രൂപ

ചെലവാക്കാൻ സർക്കാർ ആവശ്യപ്പെടുന്നുമുണ്ട്. എന്നാൽ നൂറുകണക്കിന് തൊഴിലാളികളുള്ള ഈ മേഖലയിൽ ഈ തുക ഉപയോഗിച്ച് ഓരോ പഞ്ചായത്തിനും എത്ര സുരക്ഷാ ഉപകരണങ്ങൾ വാങ്ങാൻ കഴിയും? ഇത് വാങ്ങുന്നുണ്ടോ, തൊഴിലിടങ്ങളിൽ കൃത്യമായി ഉപയോഗിക്കുന്നുണ്ടോ എന്ന് സർക്കാർ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തണം. പെരുമഴയത്തും പൊരിവെയിലത്തും പണിയെടുക്കുന്ന ഇവർക്ക് ഇപ്പോഴും ലഭിക്കുന്ന കൂലി 346/- രൂപ മാത്രമാണ്. ഇപ്പോഴത്തെ ജീവിത ചെലവുകൾ വച്ച് നോക്കുമ്പോൾ ഇത് വളരെ പരിമിതമാണ്. ഇത് വർധിപ്പിക്കണം. തൊഴിലുറപ്പ് തൊഴിലാളികൾക്ക് 2021 വരെ മൺവെട്ടി, മൺകോരി, കുന്താലി തുടങ്ങിയവയ്ക്ക് മെയിന്റനൻസ് ഇനത്തിൽ പത്ത് രൂപ നൽകുമായിരുന്നു. ഇപ്പോഴത് ലഭിക്കുന്നില്ല. മാത്രമല്ല, ഇവരുടെ ഹാജർ രേഖപ്പെടുത്തുന്ന National Mobile Monitoring System (NMMS) സംബന്ധിച്ചും പല പരാതികളുമുണ്ട്. പല സ്ഥലങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾ ഒരു കേന്ദ്രത്തിൽവന്ന് രാവിലെയും വൈകുന്നേരവും രജിസ്റ്റർ ചെയ്യണമെന്നുള്ളത് തൊഴിലാളികൾക്കിടയിൽ വലിയ ബുദ്ധിമുട്ടുണ്ടാക്കുകയാണ്. തൊഴിലിടത്തിൽതന്നെ ഹാജർ

രേഖപ്പെടുത്തുന്നതിനുള്ള സംവിധാനമുണ്ടാക്കണം. തൊഴിലുറപ്പ് തൊഴിലാളികൾക്ക് നിലവിൽ ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അത് ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്യണം. നൂറ് ദിനം തൊഴിൽ ഉറപ്പുനൽകുന്ന ഈ പദ്ധതിയിൽ നിലവിൽ പകുതി ദിനങ്ങൾപോലും പഞ്ചായത്തിന് നൽകാൻ സാധിക്കുന്നില്ല. കാർഷിക, മൃഗസംരക്ഷണ മേഖലകളിൽ ഇവരുടെ സേവനം ലഭ്യമാക്കി തൊഴിൽ ദിനങ്ങൾ വർധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. അതുപോലെ പാമ്പുകടിയേറ്റും അപകടങ്ങളിൽപ്പെട്ടും മരിക്കുന്ന തൊഴിലാളികളുടെ എണ്ണം ദിനംപ്രതി കൂടിവരുന്ന സാഹചര്യത്തിൽ സർക്കാർ വിഹിതവും തൊഴിലാളികളുടെ വിഹിതവും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരേണ്ടതുൾപ്പെടെയുള്ള തൊഴിലുറപ്പ് തൊഴിലാളികളുടെ സങ്കടകരമായ പ്രശ്നങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി അപകടകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ടിവരുന്ന തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങളുംമറ്റും ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ മിഷൻ ഡയറക്ടർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങളായ ഗം ബൂട്ട്, കൈയുറ എന്നിവ നൽകേണ്ടത് അതത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. ഇതിനാവശ്യമായ തുക ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽനിന്നോ സംസ്ഥാന മിഷന്റെ മുൻകൂർ അനുമതിയോടെ പദ്ധതിയുടെ ഭരണചെലവിൽനിന്നോ ചെലവഴിക്കാനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. തൊഴിലാളികൾക്ക് പ്രവൃത്തിയുടെഎൻ.എം.എം.എസ്.ഇ. ഭാഗമായുണ്ടാകുന്ന അപകടത്തെത്തുടർന്ന് മരണമോ സ്ഥിരമായ അംഗവൈകല്യമോ ഉണ്ടാകുന്നപക്ഷം സഹായം നൽകേണ്ടത് സംബന്ധിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക II-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്ക് നൽകേണ്ട സഹായങ്ങളെ സംബന്ധിച്ച് സർക്കാർ 05-02-2021-ലെ ഡിഡി2/252/2020/തസ്വഭവ നമ്പർ സർക്കുലറിൽ

വ്യക്തമായ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം പ്രവൃത്തി സമയത്ത് മൃഗങ്ങൾ, ജീവികൾ എന്നിവമൂലം അപകടങ്ങളോ തുടർന്ന് മരണമോ ഉണ്ടാകുന്ന സാഹചര്യത്തിൽ തൊഴിലാളികൾക്ക് നൽകേണ്ട ചികിത്സ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തിയിലേർപ്പെട്ടിരിക്കുമ്പോൾ തൊഴിലാളികൾക്ക് അപകട മരണമോ സ്ഥായിയായ അംഗവൈകല്യമോ സംഭവിക്കുന്നപക്ഷം ടിയാളുടെ നിയമപരമായ അവകാശികൾക്ക് എക്സ്-ഗ്രേഷ്യാ ഇനത്തിൽ 75,000/- രൂപ നൽകിവരുന്നു. കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം തൊഴിൽവേളയിൽ മരണം, സ്ഥായിയായ അംഗവൈകല്യം എന്നിവ സംഭവിക്കുന്നപക്ഷം തൊഴിലാളികൾക്ക് പ്രധാനമന്ത്രി സുരക്ഷാ ഭീമാ യോജന പ്രകാരമുള്ള രണ്ട് ലക്ഷം രൂപ നൽകാൻ വ്യവസ്ഥയുണ്ട്. തൊഴിലാളികളുടെ നിലവിലെ എക്സ്-ഗ്രേഷ്യാ നിരക്ക് തത്തുല്യമായി വർധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. തൊഴിലിൽ ഏർപ്പെടുന്ന ആളിനൊപ്പം പ്രവൃത്തി സ്ഥലത്ത് വരുന്ന കുട്ടികൾക്ക് മരണമോ സ്ഥായിയായ അംഗവൈകല്യമോ ഉണ്ടാകുന്ന പക്ഷം 37,500/- രൂപ നൽകുന്നതിനും നിലവിൽ വ്യവസ്ഥയുണ്ട്.

തൊഴിലാളിക്ക് അവരുടെ മറ്റ് അർഹതകളുടെ ഭാഗമായി സർക്കാർ വകുപ്പുകൾ മുഖേന ആനുകൂല്യം ലഭ്യമാക്കുന്നതിന് ഇത് തടസ്സമാകുന്നുമില്ല. പ്രവൃത്തി സ്ഥലത്ത് വച്ചുണ്ടാകുന്ന അപകടങ്ങൾക്ക് പൂർണ്ണമായും സൗജന്യമായിത്തന്നെ ചികിത്സ നൽകിവരുന്നുണ്ട്. കൂടാതെ അപകടത്തിൽപ്പെടുന്ന തൊഴിലാളികൾക്ക് പ്രസ്തുത ദിനത്തിൽ മുഴുവൻ വേതനവും നൽകുന്നതും അടുത്ത ദിവസം മുതൽ തൊഴിലാളി തൊഴിൽ ഡിമാന്റ് ചെയ്തിരുന്ന ദിവസം വരെ വേതനത്തിന്റെ പകുതി തുക കണക്കാക്കി അനുവദിച്ചുനൽകുകയും ചെയ്യുന്നു. തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. അത്എൻ.എം.എം.എസ്.ഇ. കേരളം മാത്രം ചെയ്തിട്ടുള്ള ഒരു കാര്യമാണ്. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി 2023 പ്രകാരം ക്ഷേമനിധിയിലെ ഒരു അംഗം അസുഖം, അപകടം എന്നിവമൂലം മരണപ്പെട്ടാൽ ആദ്യ മൂന്ന് വർഷത്തെ അംഗത്വ കാലയളവിനുള്ളിൽ 5,000/- രൂപയും ശേഷമുള്ള ഓരോ വർഷത്തെ അംഗത്വ കാലയളവിലും 1,000/- രൂപ വീതവും രണ്ടുംകൂടി പരമാവധി 20,000/- രൂപ

അംഗത്തിന്റെ കുടുംബത്തിന് സഹായം ലഭിക്കും. തൊഴിലുറപ്പ് തൊഴിലാളികളുടെ ചികിത്സാ സഹായമായി പരമാവധി 10,000/- രൂപ ക്ഷേമനിധിയിൽനിന്നും നൽകാൻ കഴിയുന്നതാണ്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി രജിസ്ട്രേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗതിയിലാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, തൊഴിലുറപ്പ് തൊഴിലാളികളുടെ എണ്ണത്തിൽ കൊഴിഞ്ഞുപോക്കിന്റെ കാരണം തേടി സർവ്വേയ്ക്കായി സോഷ്യൽ ഓഡിറ്റ് വിഭാഗം റിസോഴ്സ് പേഴ്സൺമാരെ ചുമതലപ്പെടുത്തിയെന്നറിയാൻ കഴിഞ്ഞു, ഇക്കാര്യം ശരിയാണോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം കൊഴിഞ്ഞുപോക്കിനെ സംബന്ധിച്ച് ഇന്നുവന്ന മാതൃഭൂമി വാർത്ത പരാമർശിക്കുകയുണ്ടായി. അതിൽത്തന്നെ കൊഴിഞ്ഞുപോക്കിലേയ്ക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ചും പറയുന്നുണ്ട്. എൻ.എം.എം.എസ്.-ന്റെ കാര്യം അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. അത്തരത്തിലുള്ള നിബന്ധനകൾ കേന്ദ്ര ഗവൺമെന്റ് തുടർച്ചയായി അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആ

നിബന്ധനകൾ കടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം തൊഴിലുറപ്പിനെത്തന്നെ പരിമിതപ്പെടുത്തുക എന്നതാണ്. കേന്ദ്രഗവൺമെന്റ് വളരെ ആസൂത്രിതമായിട്ടുള്ള ഒരാക്രമണം തൊഴിലുറപ്പ് പദ്ധതിക്കെതിരെ നടത്തുന്നു. അതിന്റെ ഏറ്റവും വലിയ ഒരുദാഹരണമാണ് ഈ വർഷത്തെ യൂണിയൻ ബജറ്റിൽ കഴിഞ്ഞ വർഷത്തെ അതേ തുകമാത്രമാണ് തൊഴിലുറപ്പ് പദ്ധതിക്ക് നീക്കിവച്ചിട്ടുള്ളത്. ഒരു നയാപൈസയുടെ വർധനയുമില്ല. റിയൽ ടൈമിൽ ഇൻഫ്ലേഷന്റെ റേറ്റുകൂടി കണക്കിലെടുത്താൽ അത് കുറയുകയാണ് ചെയ്തിട്ടുള്ളതെന്ന് കാണാൻ സാധിക്കും. വേതനം കാലാനുസൃതമായി വർധിപ്പിക്കാത്തത്, തുടങ്ങിയിട്ടുള്ള കേന്ദ്ര നടപടികളാണ് തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾ കൊഴിഞ്ഞുപോകുന്നതിന് കാരണമായിത്തീരുന്നത്. നൂറുദിവസം തൊഴിൽ നൽകുന്നതിന്റെ കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ നൂറുദിവസം തൊഴിൽ കൊടുത്ത സംസ്ഥാനങ്ങളിൽ ഒന്നാമതോ രണ്ടാമതോ ആണ് കേരളം. ഇതിൽ മാത്രമല്ല, പ്രവർത്തന മികവിന്റെ ഒമ്പത് സൂചികകളെടുത്താൽ, നാല് സൂചികയിൽ  കേരളം ഇന്ത്യയിൽ ഒന്നാമതാണ്. അഞ്ചെണ്ണത്തിൽ ഇന്ത്യയിൽ

രണ്ടാമതുമാണ്. കാര്യക്ഷമമായാണ് കേരളം അത് നടപ്പാക്കുന്നത്. എന്നാൽ കേന്ദ്രത്തിന്റെ സമീപനം തൊഴിലുറപ്പ് പദ്ധതിയെ എങ്ങനെയെങ്കിലും ഇല്ലാതാക്കുക എന്നതാണ്. അത് സൃഷ്ടിക്കുന്ന വെല്ലുവിളികളുണ്ട്. അതുകൊണ്ടാണ് ഇപ്പോൾ സംസ്ഥാനം ഒരു തീരുമാനമെടുത്തത് സോഷ്യൽ ഓഡിറ്റാണ്. സോഷ്യൽ ഓഡിറ്റിൽ ഇന്ത്യയിൽ ഒന്നാമതാണ് കേരളം. നൂറ് ശതമാനം സോഷ്യൽ ഓഡിറ്റ് പഞ്ചായത്തുതലത്തിൽ നടത്തുന്ന ഏക സംസ്ഥാനം കേരളമാണ്. രണ്ടാമത് നിൽക്കുന്ന സംസ്ഥാനത്തിന് കേരളത്തിന്റെ വളരെ പിന്നിൽ അറുപതുശതമാനത്തിൽ അല്പം മാത്രം കൂടുതലാണുള്ളത്. പ്രസ്തുത വിഷയം പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.